**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **10-06-2024 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി സർവകലാശാല വിദ്യാർത്ഥിയുടെ മരണം സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ രണ്ടാംവർഷ വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ റാഗിംഗിന് ഇരയായി കൊല്ലപ്പെട്ട സംഭവത്തിന്മേലുള്ള അന്വേഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണം അത്യധികം ദൗർഭാഗ്യകരമായ സംഭവമാണ്. 18.02.2024ൽ ഉണ്ടായ സംഭവവുമായി ബന്ധപ്പെട്ട് വയനാട് വൈത്തിരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 77/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഹോസ്റ്റലിൽ സഹപാഠികൾ സിദ്ധാർത്ഥനെ ആത്മഹത്യ ചെയ്ത നിലയിൽ കാണുകയായിരുന്നു. പോലീസ് കോളേജിലെ CCTV ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ സിദ്ധാർത്ഥൻ റാഗിംഗിന് ഇരയായതായും ദിവസങ്ങൾക്ക് മുമ്പ് മർദ്ദനമേറ്റതായും കണ്ടെത്തുകയും കേസിൽ IPC സെക്ഷൻ 341, 323, 324, 342, 306 r/w 34, Prohibition of Ragging Act 3, 4 എന്നീ വകുപ്പുകൾ ചേർത്ത് കേസന്വേഷണം വിപുലപ്പെടുത്തി.<br><br>23.04.2024ൽ കൽപ്പറ്റ DySPയുടെ ചുമതലയിൽ പ്രത്യേക സംഘം അന്വേഷണം ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ 29.02.2024 ന് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുകയും ഒളിവിൽ പോയവർ ഉൾപ്പെടെ ആരോപണ വിധേയരായ 20 വിദ്യാർത്ഥികളെയും അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികളാണ് പോലീസ് സ്വീകരിച്ചത്.<br><br>09.03.2024-ൽ (രണ്ടാം ശനിയാഴ്ച) സിദ്ധാർത്ഥന്റെ മാതാവ് സിബിഐ അന്വേഷണം ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ ലഭിച്ച അന്നേ ദിവസം തന്നെ സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | (എം.എസ്) നം.70/2024/ആഭ്യന്തരം പ്രകാരം സി.ബി.ഐക്ക് നൽകി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.<br><br>അതനുസരിച്ച് സിബിഐ കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. ഇക്കാര്യത്തിൽ വളരെ കാര്യക്ഷമവും സുതാര്യവുമായ അന്വേഷണ നടപടികളാണ് പോലീസും സർക്കാരും സ്വീകരിച്ചത് |
| (ബി) | പ്രസ്തുത സംഭവത്തിൽ സി.ബി.ഐ. അന്വേഷണത്തിനായുള്ള നടപടികൾ വൈകിപ്പിച്ച് പ്രതികളെ സംരക്ഷിക്കാൻ സർക്കാർ ശ്രമിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | അന്വേഷണം വൈകിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഒന്നും തന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എന്നാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ ചില ഉദ്യോഗസ്ഥർക്ക് ജാഗ്രതക്കുറവുണ്ടായി എന്ന് കണ്ടതിനാൽ ആഭ്യന്തര വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഡ് ചെയ്യപ്പെട്ടവർ നൽകിയ വിശദീകരണം പരിശോധിച്ച ശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് |
| (സി) | ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം വൈകിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | അന്വേഷണം വൈകിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഒന്നും തന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എന്നാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ ചില ഉദ്യോഗസ്ഥർക്ക് ജാഗ്രതക്കുറവുണ്ടായി എന്ന് കണ്ടതിനാൽ ആഭ്യന്തര വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഡ് ചെയ്യപ്പെട്ടവർ നൽകിയ വിശദീകരണം പരിശോധിച്ച ശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ